പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 999.

20.03.2013-ലെ മറുപടിയ്ക്ക്

## കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി. സത്യൻ** | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്കിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന കഠിനം കുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ; | (എ) | കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (ബി) | ചുറ്റുമതിലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മാത്രമാണ് അവശേഷിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്കു കമ്മീഷൻ ചെയ്യാനാണു തീരുമാനിച്ചിട്ടുള്ളതെന്നും, ആയതിന്റെ നടത്തിപ്പു ചുമതല ഏത് ഏജൻസിക്കാണെന്നും വിശദമാക്കുമോ? | (സി) | 2013 ഏപ്രിൽ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് പദ്ധതി നടത്തിപ്പിനായി കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ